# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1555 — 13.07.2011 -ൽ മറുപടിയ്ക്ക്

### നിഷിന് ഹോസ്റ്റൽ അനുവദിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ.എം.എ. വാഹിദ്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എം.പി. വിൻസന്റ് | | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | ബധിര-മൂക വിദ്യാർത്ഥികൾ പഠിക്കുന്ന (നിഷ്) എന്ന സ്ഥാപനത്തിന് സ്റ്റുഡന്റ്സ് ഹോസ്റ്റൽ ഇല്ലാത്തതുമൂലം സംസ്ഥാനത്തിന്റെ വിവിധ ഭാഗത്തു നിന്നും വരുന്ന കുട്ടികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ഈ അദ്ധ്യായനവർഷം ഹോസ്റ്റൽ തുറന്നു കൊടുക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ; | (ബി) | പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്. |
| (സി) | ബധിര-മൂക വിദ്യാർത്ഥികൾ ഹോസ്റ്റലിൽ നേരിടുന്ന പ്രശ്നങ്ങളും വിവേചനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരായി നടപടി സ്വീകരിക്കുമോ? | (സി) | ഇപ്പോൾ വിദ്യാർത്ഥികൾ താമസിക്കുന്നത് എൽ.എം.എസ്. ഹോസ്റ്റൽ, വ്യക്തികൾ നടത്തുന്ന ചെറിയ ഹോസ്റ്റലുകൾ, ഗവൺമെന്റ് ഹോസ്റ്റൽ എന്നിവിടങ്ങളിലാണ്. ഇതിന്റെ ക്രമീകരണങ്ങളും മറ്റു ബന്ധപ്പെട്ട കാര്യങ്ങളും മാതാപിതാക്കൾ നേരിട്ട് ഇടപെട്ടാണ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ